AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 267/2018 03.12.2018

# ഡിസംബർ 5, ലോക മണ്ണ്ദിനം

സംസ്ഥാന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ലോകമണ്ണ് ദിനം ഡിസംബർ 5-ാം തീയതി സംസ്ഥാനവ്യാപകമായി ആചരിക്കുന്നു. **"പരിഹാരമാകാം മണ്ണ് മലിനീകരണത്തിന"** എന്നതാണ് ഈ വർഷത്തെ മുഖ്യപ്രമേയം. പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം ഡിസംബർ 05-ന് രാവിലെ 11 മണിക്ക് കനകക്കുന്ന് കൊട്ടാരത്തിൽ കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിക്കും. പ്രസ്തുത യോഗത്തിൽ എം.എൽ.എ. കെ. മുരളീധരൻ, ഡോ. ശശി തരൂർ എം.പി, തിരുവനന്തപുരം നഗരസഭ മേയർ വി.കെ. പ്രശാന്ത്, ജെയിംസ് മാത്യു എം.എൽ.എ., ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ.സീമ, തിരുവനന്തപുരം ഡെപ്യൂട്ടി മേയർ അഡ്വ. രാഖി രവികുമാർ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡവറക്ടർ ഡോ. അജയകുമാർ വർമ്മ, ശാസ്ത്രജ്ഞർ, കർഷകർ ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുക്കും. പരിപാടിയുടെ ഭാഗമായി പ്രദർശനം, സെമിനാർ, സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള പ്രശ്നോത്തരി തുടങ്ങിയവയും സംഘടിപ്പിച്ചിരിക്കുന്നു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
Website: www.fibkerala.gov.in Email:fibtvm@gmail.com
Telephone: 0471 2317314